# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2301** **09.03.2018-ന് മറുപടിയ്ക്ക്**

## ജണ്ട നിർമ്മാണം

**ചോദ്യം** **മറുപടി**

**ശ്രീ. എം.ഉമ്മർ**

**അഡ്വ.കെ.രാജു.**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി നിർണ്ണയിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി തിരിക്കുന്നതിനായി 2016-17 വർഷത്തിൽ 12500-ഓളം സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ 28.02.2018 വരെ 12,258 ജണ്ടകൾ നിർമ്മിച്ചു. കൂടാതെ വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിലൂടെ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തി വരുന്നു. നാളിതുവരെ 5 ബാച്ചിലായി 150 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതും 6-ാമത് ബാച്ചിന്റെ പരിശീലനം നടന്നുവരുന്നതുമാണ്. കൂടാതെ 04.04.2016-ലെ GO(P) No 290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ്-1964, റൂൾ-101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി 'ഡിമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് മൊഡ്യൂൾ ' തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | തയ്യാറാക്കിയിട്ടുണ്ട്. ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി എല്ലാ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് മാസംതോറും ജണ്ട നിർമ്മിച്ചതിന്റെ എണ്ണം മാസാവസാനം ഉള്ള പ്രവൃത്തി ദിവസം 'ഡിമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് |

| | | | |
|---|---|---|---|
| | | | മൊഡ്യൂൾ'-ൽ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം ടി പ്രവൃത്തി ചെയ്തുവരുന്നുമുണ്ട്. |
| (സി) | പ്രസ്തുത മൊഡ്യൂൾ അടിസ്ഥാനമാക്കി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | 'ഡിമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് മൊഡ്യൂൾ' പ്രകാരം ഓരോ ഡിവിഷൻ/റെയിഞ്ച് എന്നിവിടങ്ങളിലെ ജണ്ട നിർമ്മാണത്തിന്റെ പ്രവർത്തനം എല്ലാ മാസവും വിലയിരുത്തുകയും ആവശ്യമുള്ള സന്ദർഭങ്ങളിൽ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും നൽകുകയും എത്രയും വേഗം അവശേഷിക്കുന്ന വനാതിർത്തികളിലെ ജണ്ട നിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**